# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.111 18.03.2013 ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതർക്ക വേണ്ടിയുള്ള സമരങ്ങൾ

| ചോദ്യം<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക വേണ്ടി കാസർഗോഡ് ജില്ലയിൽ ഇടയ്ക്കിടെ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നിരാഹാര സത്യാഗ്രഹ മുൾപ്പെടെയുള്ള സമരങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എൻഡോസൾഫാൻ ദുരിതബാധിതരെ പൂർണ്ണ തോതിൽ സർക്കാർ സഹായി ക്കാത്തതാണോ പ്രസ്തുത സമരങ്ങൾക്ക കാരണമായിട്ടുള്ളത് ; | (ബി) | അല്ല . എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്ന തിനായി സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തി രിക്കുന്നു. |
| (സി) | പ്രസ്തുത സമരങ്ങളുടെ പിന്നിൽ മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

എൻഡോസൾഫാൻ ദുരിതബാധിതരെ പൂർണ്ണതോതിൽ സഹായിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പിലാക്കിയിട്ടുള്ള സമഗ്രമായ ദുരന്തനിവാരണ പ്രവർത്തനങ്ങൾ താഴെ പ്രതിപാദിച്ചിരിക്കുന്നു.

1. എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

2. മൂന്ന് മെഡിക്കൽ കോളേജുകൾ അടക്കം എംപാനൽ ചെയ്ത 12 ആശുപത്രികളിൽ ദുരിതബാധിതർക്ക് സൗജന്യമായി വിദഗ്ധ ചികിത്സ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു.

3. 11 ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളിലും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തി.

4. വിദഗ്ധ ചികിത്സ ആവശ്യമുള്ള ദുരിതബാധിതരെ ആശുപത്രിയിൽ എത്തിക്കുന്നതിനായി 11 ദുരിതബാധിത പഞ്ചായത്തുകളിലും വാഹന സൗകര്യം ഏർപ്പെടുത്തി.

5. ദുരിതബാധിതരുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി 11 ഗ്രാമപഞ്ചായത്തുകളിലും പ്രത്യേകം സൂപ്പർവൈസർ / സ്റ്റാഫ് നഴ്സ് / ജെ.എച്ച്. ഐ എന്നിവരെ നിയമിച്ചു.

6. എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന പ്രതിമാസ പെൻഷൻ നൽകി വരുന്നു.

7. ദുരിതബാധിത കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നൽകി വരുന്നു.

8. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം സ്കോളർഷിപ്പ് വിതരണം ചെയ്തുവരുന്നു.

9. മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി ജില്ലയിൽ 7 ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ ആരംഭിച്ചു. പ്രസ്തുത സ്കൂളുകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തി.

10.11 ദുരിതബാധിത ഗ്രാമപഞ്ചായത്തുകളിലും ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കി.

11. എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനായി കാസർഗോഡ് കളക്ടറേറ്റിൽ സ്പെഷ്യൽ സെല്ലും സെല്ലിൽ ഒരു ഡെപ്യൂട്ടി കളക്ടറുടെ സേവനവും ഏർപ്പെടുത്തി.

12. സംസ്ഥാന തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെയും നോഡൽ ഓഫീസറെയും നിയമിച്ചു.

13. ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് - RIDF സഹായത്തോടെ 231 പദ്ധതികൾക്കായി 12225.73 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

14. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ പൂർണ്ണമായി അംഗീകരിക്കുവാനും നടപ്പിലാക്കുവാനും തീരുമാനിച്ചു. ആയതിന്റെ ഭാഗമായി ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് താഴെപ്പറയും പ്രകാരം ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവിറക്കി.

പൂർണ്ണമായും കിടപ്പിലായവർക്ക് - 5 ലക്ഷം രൂപ പീതം
ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് - 5 ലക്ഷം രൂപ വീതം
മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് - 3 ലക്ഷം രൂപ വീതം
മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് - 5 ലക്ഷം രൂപ വീതം

പ്രസ്തുത ധനസഹായത്തിൽ ആദ്യ ഗഡുവായി 5 ലക്ഷം രൂപ അനുവദിച്ചവർക്ക് 1.5 ലക്ഷം രൂപയും , 3 ലക്ഷം രൂപ അനുവദിച്ചവർക്ക് 1 ലക്ഷം രൂപയും ഇതിനകം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ